# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ 1477** **13/07/2016-ൽ മറുപടിക്ക്**

## മരുന്നുകളുടെ വില ഏകീകരിക്കാൻ നടപടി

ചോദ്യം മറുപടി

**ശ്രീ.പി.കെ.ശശി** **ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് സർക്കാർ ന്യായവില മരുന്നുകടകളിൽ ഒരേ മരുന്നിന് പല വില ഈടാക്കി വന്നിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; | എ) | കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോർ, സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസി ഇവയെല്ലാം തന്നെ കാലാകാലങ്ങളിലുള്ള സർക്കാരുകൾ തുടങ്ങിവച്ച ന്യായവില മെഡിക്കൽ സ്റ്റോർ സംരംഭങ്ങളാണ്. ഇവയെല്ലാം തന്നെ വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഇവയുടെ സംഭരണ രീതിയും വിൽപന വില നിശ്ചയിക്കുന്ന രിതിയിലും ഏറ്റക്കുറച്ചിലുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതു തടയുവാനും സംസ്ഥാനത്തു മരുന്നു വിതരണം നടത്തുന്ന കമ്പനികൾ ഒരേ മരുന്ന് ഒരേ വിലയ്ക്കുതന്നെ സർക്കാർ അധീനതയിലും സഹകരണ മേഖലയിലും സർക്കാർ നിയന്ത്രണത്തിലുമുള്ള മറ്റു സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുവാനും ആയത് സർക്കാർ തലത്തിൽ ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കുമോ; | ബി) | ഈ സ്ഥാപനങ്ങൾക്ക് ഒരേ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കണമെങ്കിൽ എല്ലാ സ്ഥാപനങ്ങളും ചേർന്ന് ഏകീകൃത സംഭരണ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. മെഡിക്കൽ സ്റ്റോറുകൾ സ്ഥിതി ചെയ്യുന്ന ഇടമനുസരിച്ചാണ് മരുന്നുകളുടെ ആവശ്യകതയിൽ മാറ്റം വരുന്നത്. ആയതിനാൽ ഏകികൃത സംഭരണ രീതി പൂർണ്ണമായും പ്രായോഗികമല്ല. |
| സി) കഴിഞ്ഞ സർക്കാർ കാലയളവിൽ ഒരേ മരുന്നിന് /മെഡിക്കൽ ഉപകരണത്തിന് മെഡിക്കൽ കോളേജിലെ കാരുണ്യഫാർമസി, മെഡിക്കൽ കോളേജ് പേയിംഗ്കൗണ്ടർ, | സി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| എസ്.എ.ടി, ഡ്രഗ് ബാങ്ക്, ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ എച്ച്.എൽ.എൽ ലൈഫ് കെയർ എന്നിവിടങ്ങളിൽ പല വില ഈടാക്കിവന്നിരുന്നത് ഏകീകരിക്കാൻ വേണ്ടി കഴിഞ്ഞ സർക്കാർ 2012 ആഗസ്റ്റ് മാസം ഉത്തരവു നല്കിയെങ്കിലും ആയത് നടപ്പാക്കിയില്ലയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| ഡി) ഉണ്ടെങ്കിൽ ഇതിനു കാരണക്കാരെ കണ്ടെത്തി നിയന്ത്രിക്കാനും മരുന്നുകളും/ഉപകരണങ്ങളും സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾ വഴി ഒരേ വിലയ്ക്ക് നല്കാനും നടപടി സ്വീകരിക്കുമോ? | ഡി) | ബാധകമല്ല. |

(signature)
സെക്ഷൻ ഓഫീസർ